27695
29/12/17

# കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - ശ്രീ.ബാബു.കെ.ടി, ഫാത്തിമ മൻസിൽ, കമ്പളക്കാട് - തടിലേലവുമായി ബന്ധപ്പെട്ട കുടിശ്ശിക തുക എഴുതിതള്ളി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ)നം.476/2017/വനം. തീയതി, തിരുവനന്തപുരം, 12.12.2017

---

പരാമർശം :- 1. ശ്രീ.ബാബു.കെ.ടിയുടെ 13.01.2017 ലെ നിവേദനം.

2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) തിരുവനന്തപുരത്തിന്റെ 18.07.2017-ലെ പ്രൊ(5)-11067/17 നമ്പർ കത്ത്.

3. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) തിരുവനന്തപുരത്തിന്റെ 11.09.2017-ലെ പ്രൊ(8)-39752/17 നമ്പർ കത്ത്.

## ഉത്തരവ്

ശ്രീ.ബാബു.കെ.ടി, ഫാത്തിമ മൻസിൽ, കമ്പളക്കാട് 1992 വർഷത്തിൽ വയനാട് ജില്ലയിലെ തോൽപ്പെട്ടി ഫോറസ്റ്റ് ഡിപ്പോയിൽ മരലേലം സംബന്ധിച്ച് ഇ.എം.ഡിയായി 20,000/- (ഇരുപതിനായിരം) രൂപ കെട്ടി വച്ച് ലേലത്തിൽ പങ്കെടുത്ത് ലേലം പിടിച്ചതായും തുടർന്ന് സാമ്പത്തിക ബുദ്ധിമുട്ടുകൾ നിമിത്തവും അസുഖങ്ങൾ കാരണവും ബാക്കി വരുന്ന തുക ഡിപ്പോയിൽ അടവാക്കി മരം എടുക്കുവാൻ സാധിച്ചില്ലെന്നും തുടർന്ന് ശ്രീ.ബാബുവിന് എതിരെ നഷ്ടം വസൂൽ ചെയ്യുന്നതിനായി 2,28,886/- രൂപയും 12% പലിശയും അടക്കം തുക അടയ്ക്കണമെന്ന് 2010-ൽ റവന്യു റിക്കവറി നോട്ടീസ് ലഭിച്ചു എന്നും 72,000/- രൂപ 2014-ൽ അടച്ചുവെന്നും ബാക്കി തുകയായ 1,60,240/- രൂപ (ഒരു ലക്ഷത്തി അറുപതിനായിരത്തി ഇരുനൂറ്റി നാല്പത് രൂപ) അടയ്ക്കുന്നതിനായി വീണ്ടും റവന്യു റിക്കവറി നോട്ടീസ് ലഭിച്ചിട്ടുള്ളതായും എന്നാൽ വാർദ്ധക്യസഹജമായ അരിഷ്ടതകളാലും മറ്റ് പലവിധ രോഗങ്ങളാലും തുക ഒടുക്കാൻ കഴിയാത്തതിനാൽ പ്രസ്തുത തുക എഴുതിത്തള്ളി റവന്യു റിക്കവറി നടപടികൾ നിർത്തലാക്കണമെന്നും പരാമർശം (1) പ്രകാരം ശ്രീ.ബാബു.കെ.ടി അപേക്ഷിച്ചിരുന്നു.

2) ശ്രീ.ബാബു.കെ.ടിയിൽ നിന്നും വസൂൽ ചെയ്യേണ്ടതായ 2,28,886/- രൂപയിൽ നാളിതുവരെ കളക്ഷൻ ചാർജ് ഉൾപ്പെടെ 1,05,746/- രൂപ ടിയാൻ ഒടുക്കിയിട്ടുണ്ടെന്നും ബാക്കി തുക വസൂൽ ചെയ്യുന്നതിനായി ടിയാന്റെ വീടിനോട് ചേർന്ന കരഭൂമി ജപ്തി ചെയ്ത്

ലേലം നടത്തി തുക ഈടാക്കുന്നതിനുള്ള നടപടികൾ അമ്പലവയൽ തഹസീൽദാർ (ആർ.ആർ)മുഖാന്തരം നടന്നുവരുകയാണെന്നും അപേക്ഷകന്റെ കുടുംബം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ടിയാൻ ഹൃദയസംബന്ധമായും കിഡ്നി സംബന്ധമായും ഉള്ള അസുഖത്തിന് ചികിത്സകൾ നടത്തിവരുകയാണെന്നും ആയതിനാൽ അപേക്ഷകന് പ്രസ്തുത തുക ഒടുക്കുവാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണെന്നും സർക്കാരിന് ലഭിക്കാനുള്ള ബാക്കി തുക എഴുതി തള്ളുന്നത് സംബന്ധിച്ച് അനുഭാവപൂർണ്ണമായ തീരുമാനം എടുക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2), (3) എന്നിവയിലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ ശുപാർശ പരിഗണിച്ചും, ശ്രീ.ബാബു.കെ.ടിയുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും 1992 വർഷത്തിൽ വയനാട് ജില്ലയിലെ തോൽപ്പെട്ടി ഫോറസ്റ്റ് ഡിപ്പോയിൽ നടന്ന തടിലേലവുമായി ബന്ധപ്പെട്ട് ശ്രീ.ബാബു.കെ.ടിയിൽ നിന്നും സർക്കാരിലേയ്ക്ക് വസൂൽ ചെയ്യേണ്ട തുകയായ 1,60,240/- രൂപ (ഒരു ലക്ഷത്തി അറുപതിനായിരത്തി ഇരുന്നൂറ്റി നാൽപ്പത് രൂപ മാത്രം) എഴുതിതള്ളി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**ഗിരിജ കുമാരി. ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ്ക്വോർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
ശ്രീ.ബാബു.കെ.ടി, ഫാത്തിമ മൻസിൽ, കമ്പളക്കാട്, കണിയാമ്പറ്റ വില്ലേജ്, അമ്പലവയൽ, വയനാട് ജില്ല.
ധനകാര്യ വകുപ്പ് (06.10.2017-ലെ അനൗ. കു. നം. അഗ്രി.എ 1/146/2017/ധന പ്രകാരം)
റവന്യൂ വകുപ്പ് (റവ -എച്ച്1/30/17-റവ നമ്പർ അനൗ.കു പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

V.Beena

സെക്ഷൻ ഓഫീസർ